WOMEN STUDIES

# തായ്കുലം: ഒരു സർഗാത്മക പ്രതിരോധം

**ഡോ. എം.എസ്. മുരളി**
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
മഹാരാജാസ് കോളേജ്
E-mail: murali.msmurali@gmail.com

**റ്റോജി വർഗീസ് റ്റി.,**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
മാർ ഇവാനിയോസ് കോളെജ്
തിരുവനന്തപുരം-15
E-mail: toji.tvt@gmail.com

**സംഗ്രഹം**

സ്ത്രീപക്ഷവായനയിൽ തെളിഞ്ഞുവരുന്ന പ്രശസ്ത ആഖ്യാനങ്ങളിലെ പുരുഷകേന്ദ്രീകരണം, കീഴാളവിരോധം, സ്ത്രൈണചിത്രണത്തിലെ അഭാവങ്ങൾ എന്നിവയുടെ അടയാളപ്പെടുത്തലാണ് 'തായ്കുലം' നിർവ്വഹിക്കുന്ന ധർമ്മം. ലിംഗകല്പനയെ സംബന്ധിച്ച സുപ്രധാന നിരീക്ഷണങ്ങൾ പലതും ഉൾക്കൊള്ളുന്ന സ്ത്രീപക്ഷ - ദളിത് - പാരിസ്ഥിതികരചനയാണ് തായ്കുലം. വിവേചനം നിലനിൽക്കുന്ന വ്യവസ്ഥിതിക്കെതിരെയുള്ള പോരാട്ടത്തിൽ അവശ്യം സംഭവിക്കേണ്ട പീഡിതവിഭാഗങ്ങളുടെ വിശാലമായ ഐക്യത്തെ ഈ കഥ വിഭാവനം ചെയ്യുന്നു. സാറാ ജോസഫിന്റെ സൂക്ഷ്മമായ പ്രത്യയശാസ്ത്രബോധം ഭാഷയിലും ഇതിഹാസപുരാണങ്ങളുടെ പുനരാഖ്യാനത്തിലും ശ്രദ്ധിക്കുന്നു. തികച്ചും മൗലികവും മൂല്യവത്തുമായ ഒരു ഭാഷയുടെ തിരഞ്ഞെടുപ്പിലൂടെ സ്ത്രീയുടെയും കീഴാളജനതയുടെയും മാത്രമല്ല, കീഴ്പ്പെടുത്തപ്പെട്ട നമ്മുടെ ഭാഷയുടെയും സ്വത്വപുനർനിർമ്മിതിയും പ്രതിരോധവുമായി 'തായ്കുലം' മാറുന്നു.

**താക്കോൽവാക്കുകൾ:** തായ്കുലം, സ്ത്രീപക്ഷരചന, സ്വത്വം.

'പെണ്ണായി ജനിച്ചതിൽ ഏറെ അഭിമാനിക്കുന്നു' എന്ന വിളംബരവുമായി കടന്നുവന്ന കഥാകാരിയാണ് സാറാജോസഫ്. ആൺകോയ്മയുടെ വർഗ്ഗതാത്പര്യങ്ങൾക്കപ്പുറം ഒരു എഴുത്തിടം ഉറപ്പിച്ച സാറാജോസഫിന്റെ കഥകൾ ജൈവശാസ്ത്രപരമായ വ്യത്യസ്തതകൾകൊണ്ട് സ്ത്രീ അനുഭവിക്കുന്ന അവഹേളനങ്ങൾക്കെതിരെയും സ്ത്രീസ്വത്വത്തെ മുരടിപ്പിക്കുകയും അവഗ

ണിക്കുകയും ചെയ്യുന്ന പുരുഷവർഗാധീശത്വത്തിനെതിരെയും ശക്തമായ പ്രതിരോധവുമായി നിലകൊള്ളുന്നു. പെണ്ണെഴുത്ത് എന്ന ആശയത്തെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്നു, സാറയുടെ രചനകൾ. അത് കേവലം പെണ്ണെഴുതുന്നതോ പെണ്ണിനുവേണ്ടി എഴുതുന്നതോ അല്ല, ദരിദ്രരോടും കീഴാളജാതിയോടും കറുത്തവരോടും സ്വന്തം മണ്ണിൽനിന്ന് ആട്ടിയോടിക്കപ്പെട്ട വരോടും ചേർന്നുനിന്നുകൊണ്ട് വേദനിക്കുന്ന സകലരുടെയും നിലവിളികളെ ആത്മാവിലേ ക്കാവാഹിക്കുന്ന അസ്തിത്വത്തിന്റെ തിരിച്ചറിവാണ്. ചരിത്രത്തിലിന്നോളം അദൃശ്യവത്കരി ക്കപ്പെട്ട സ്ത്രീയെ ദൃശ്യതയിലേക്കു കൊണ്ടുവരാനുള്ള ശ്രമമാണത്. പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്കു നയിക്കുവാൻ പുരോഗമനസാഹിത്യപ്രസ്ഥാനം ഇടയാ യതുപോലെ, പെണ്ണെഴുത്തിലൂടെ അവകാശങ്ങൾക്കായി നിവർന്നുനിന്നു വാദിക്കുന്ന സ്ത്രീയുടെ സ്വത്വബോധത്തെയാണ് സാറാജോസഫ് ആവിഷ്കരിക്കുന്നത്. പാർശ്വവത്കരിക്കപ്പെടുകയും പിന്തള്ളപ്പെടുകയും ചെയ്യുന്ന സ്ത്രീസമൂഹത്തിന്റെ പോരാട്ടങ്ങളെ ദളിതന്റെയും അധഃകൃതന്റെയും മുന്നേറ്റങ്ങളുമായി ഇഴചേർക്കാനുള്ള അനിതരസാധാരണമായ ഉൾക്കാഴ്ചയാണ് ഈ കഥാകാരി യെ വ്യത്യസ്തയാക്കുന്നത്. സർഗവൃത്തിയുടെ സൂക്ഷ്മാംശങ്ങളിൽപോലും പ്രത്യയശാസ്ത്രബോധം ജ്വലിച്ചുനിൽക്കുന്നവയാണ് അവരുടെ ഓരോ രചനയും. സ്ത്രീപ്രശ്നങ്ങളെ അവതരിപ്പിക്കുന്ന തിൽ ബോധപൂർവ്വവും കർശനവുമായ നിലപാടു സ്വീകരിച്ചുകൊണ്ട് പൊള്ളുന്ന മനസ്സുകളുടെ ഉള്ളറകൾ കാട്ടുന്ന ഒട്ടേറെ കഥാപാത്രങ്ങളെ സാറാജോസഫ് സൃഷ്ടിച്ചു. പെണ്ണിനും പ്രകൃതിക്കും പാർശ്വവത്കരിക്കപ്പെട്ട സകലതിനുംവേണ്ടിയുള്ള ശക്തമായ പ്രതിരോധമായ 'തായ്കുലം' എന്ന കഥയെ അപഗ്രഥനവിധേയമാക്കുകയാണ് ഈ പ്രബന്ധം.

ശൂർപ്പണഖയെ നായികയാക്കി രചിച്ച തായ്കുലം സാറാജോസഫിന്റെ ഏറ്റവും മികച്ച കഥകളിലൊന്നാണ്. രാമനോടു പ്രണയമഭ്യർത്ഥിച്ചതിന് മൂക്കും മുലയും ഛേദിക്കപ്പെട്ട ശൂർ പ്പണഖ പക നിറഞ്ഞ മനസ്സോടെ പ്രതികാരത്തിനായി ഉഴറി നടക്കുകയും ഒടുവിൽ രാമൻ സീതയെ അഗ്നിപരീക്ഷണത്തിനു വിധേയമാക്കിയ കഥ കേട്ട് കാടു കുലുങ്ങുമാറുച്ചത്തിൽ പൊട്ടിച്ചിരിക്കുകയും ചെയ്യുന്നതാണ് തായ്കുലത്തിന്റെ രത്നസാരം. സമാനതകളില്ലാത്തവി ധം ക്രൂരമായ അതിക്രമമാണ് രാമലക്ഷ്മണന്മാർ ശൂർപ്പണഖയോടു കാട്ടിയത്. ബഹുഭാര്യത്വം നിലനിന്നിരുന്ന ഒരു സമൂഹത്തിൽ പ്രണയാഭ്യർത്ഥന നടത്തിയതിന് മൂക്കും മുലയും ഛേദിച്ച് ഉടലും പെണ്മയും കെടുത്തിവിടുകയാണ് ലക്ഷ്മണൻ ചെയ്തത്. മുല മാതൃത്വത്തിന്റെയും സ്ത്രീ സൗന്ദര്യത്തിന്റെയും പ്രതീകമാണ്. 'അവര് ഇന്റെ മൊലപ്പാലിന്റെ വേര്കളാ അറുത്തിട്ടത്! ഇന്റെ കുലത്തിന്റെയും നിണത്തിന്റെയും വേരുകള്' എന്ന ശൂർപ്പണഖയുടെ വാക്കുകളിൽ മാതൃത്വത്തിന്റെ തീവ്രവേദനകൾ മുഴങ്ങുന്നു.

ജീവിതയാഥാർത്ഥ്യങ്ങളുടെ പ്രതിസന്ധി ലിംഗവർഗഘടകങ്ങളിൽ എങ്ങനെയാണു സ്വാധീനത ചെലുത്തുന്നതെന്നും വ്യക്തിയുടെ വിശ്വാസങ്ങളും രതികാമനയും അധീശവർഗ ത്തിന്റെ കാപട്യവും സ്ത്രീത്വത്തെ എങ്ങനെയാണു വിലയിരുത്തുന്നതെന്നും സാറാജോസഫ് രചനകളിലൂടെ അന്വേഷിക്കുന്നു. ലിംഗനീതിയും രാഷ്ട്രനീതിയും തമ്മിലുള്ള ബന്ധം 'തായ്കുലം' അപഗ്രഥനവിധേയമാക്കുന്നു. ശൂർപ്പണഖയുടെ ഗോത്രത്തിന്റെ സദാചാരമൂല്യങ്ങളല്ല രാമന്റെ ഗോത്രത്തിനുള്ളത്. സ്ത്രീയുടെമേൽ കർശനമായ നിയന്ത്രണാധികാരങ്ങൾ വച്ചുപുലർത്തുന്ന സ്വഭാവം അവളുടെ ഗോത്രത്തിലില്ല. ഇഷ്ടമുള്ളിടത്തു പോകാനും ഇഷ്ടമുള്ള പുരുഷനെ തിര

ഞ്ഞെടുക്കാനുമുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം അവളുടെ ഗോത്രം നൽകുന്നുണ്ട്. ഈ സ്വാതന്ത്ര്യം അനുഭവിച്ചുവളരുന്ന അവൾ അതിന്റെ ആഘോഷമായാണ് രാമനോടു പ്രണയാഭ്യർത്ഥന നടത്തുന്നത്. എന്നാൽ രാമന്റെ ഗോത്രത്തിൽ സ്ത്രീക്ക് ഇത്തരം സ്വാതന്ത്ര്യങ്ങളൊന്നും അനുവദിച്ചു നൽകുന്നില്ല. അതുകൊണ്ടുതന്നെ ഈ പ്രണയാഭ്യർത്ഥന അക്ഷന്തവ്യമായ ധിക്കാരവും പുരുഷാധിപത്യവ്യവസ്ഥയുടെ സദാചാരമൂല്യങ്ങളോടുള്ള വെല്ലുവിളിയുമായി വ്യാഖ്യാനിക്കപ്പെടുന്നു. അതിനുള്ള ശിക്ഷയായിട്ടാണ് അംഗച്ഛേദം അരങ്ങേറുന്നത്.

സ്ത്രൈണലൈംഗികതയെക്കുറിച്ച് പിതൃകേന്ദ്രീകൃത അധികാരവ്യവസ്ഥകൾക്കുള്ള കാഴ്ചപ്പാടുകളും പ്രധാനമാണ്. സ്ത്രീയുടെ ലൈംഗികത സാമൂഹികവ്യവസ്ഥകൾക്കു ഭീഷണിയാണെന്നും അത് അശുദ്ധവും സ്ത്രീക്കു നിയന്ത്രിക്കാനാവാത്തതുമാണെന്നും തന്മൂലം അതു നിയന്ത്രണവിധേയമാക്കേണ്ടതാണെന്നുമുള്ള കാഴ്ചപ്പാട് പുരുഷാധിപത്യവ്യവസ്ഥയുടെ അടിസ്ഥാനശിലയാണ്. ഈ വിശ്വാസമാണ് പുരുഷാധിപത്യസമൂഹങ്ങളിൽ സ്ത്രീയുടെ ഭഗശിശ്നം ഛേദിക്കുന്ന ആചാരങ്ങൾക്കു പിന്നിലുള്ളത്. 'ഭഗശിശ്നവും യോനിച്ചുണ്ടുകളും ചെത്തിക്കളയുന്നതും സംഭോഗം സ്ത്രീകൾക്കു വേദനയുള്ളതും വിഷമകരവുമാക്കുന്നു. സ്ത്രൈണലൈംഗികതയെ നിയന്ത്രിക്കുന്നതിന്റെയോ അടിച്ചമർത്തുന്നതിന്റെയോ ഭാഗമായിട്ടാണ് ഇത്തരം ക്രൂരപീഡനങ്ങൾ സ്ത്രീയുടെ ശരീരത്തിൻമേൽ പ്രയോഗിക്കപ്പെട്ടത്'' (അയിഷ എ. ഇമാം 2003:32). ശൂർപ്പണഖയുടെ മേൽ പ്രയോഗിക്കപ്പെട്ടതും ഈ അധികാരത്തിന്റെ മർദ്ദനരീതികൾ തന്നെയാണ്. അതേസമയം ലൈംഗികതയെ പ്രകൃതിയുടെ സ്വാഭാവികതയായിക്കണ്ട് അംഗീകരിക്കുന്ന രീതിയാണ് ശൂർപ്പണഖയുടെ ഗോത്രത്തിനുള്ളത്. 'മണ്ണ് മരത്തോടും മരം ഉരുവോടും ഉരു മനിതനോടും ഇതമായി ഇനിപ്പായി വാഴണ തെണ്ടകവനത്തിൽ ആയുധം കില്ലുണ മറ്റാര് എവിടന്ന്ള്ളോര്? മരം തളിർക്കേണ്ടത് കാമംകൊണ്ട്. കാട് പൂക്കുന്നതും കടല് ഉര്കണതും കാമംകൊണ്ട്. പെണ്ണിന്റെ കാമത്തിൽ തെറ്റ്കുറ്റം ചാർത്തിയാല് കാമിനിയായ മണ്ണിനാവിന! അകം പെരുത്ത് തിരുത്തം കെട്ട് ഒക്കെയ്യും കെടുതി! നമ്മുടെ കാനകത്തില് ഇത് ചിതമല്ല. മറ്റാര്ടെ മനത് വേറെ, നമ്മടെ മനത് വേറെ' എന്നുള്ള പ്രകൃത്യധിഷ്ഠിതമായ അവബോധത്തിൽ നിന്നുകൊണ്ടാണ് തനിക്കു നേരിട്ട അവമാനത്തെപ്പറ്റി ശൂർപ്പണഖ ചിന്തിക്കുന്നത്. ''മനക്കാതൽ കൊണ്ട് മൊലകള് പൂത്തുലഞ്ഞ് മുന്നില് ചെന്നപ്പോ ചതീലവര് വാളൂരി. ആരും ഇന്നോളം ഇത്തരം കര്മ്മം ചെയ്തിട്ടില്ല. തായ്മേനി തരിശാക്കാൻ രാവണപ്പെരുമാള് വാളെടുത്തിട്ടില്ല. പെണ്ണിന്റെ വടിവും കോലോം കെടുത്തി ഇന്റെ കുലത്തിലാരും വീരനായിട്ടില്ല.'' (പേജ് 36)

പരിസ്ഥിതിയോടു സമരസപ്പെടുന്ന കീഴാളജനതയുടെ ജീവിതം ശക്തമായി അവതരിപ്പിക്കപ്പെടുന്നു ഈ കൃതിയിൽ. പഞ്ചവടിയിലെ ചെമ്പകവനങ്ങളുടെ ഗന്ധത്തിൽ മതിമറന്ന് നിലാവുള്ള രാത്രികളിൽ കാടിനോട് ഇണചേർന്ന ശൂർപ്പണഖ, അംഗഭംഗത്താൽ അപമാനിതയായി പ്രകൃതിയിൽനിന്നു സ്വയം തിരസ്കൃതയായി നടക്കുന്ന രംഗം ഹൃദയസ്പർശിയായ ഒരു മുഹൂർത്തമാണ്. ഗോദാവരിയുടെ കണ്ണാടിയിൽ മുഖം നോക്കാൻ ഭയന്ന് നദീതീരം വിട്ടൊഴിഞ്ഞു നടക്കുന്ന ശൂർപ്പണഖയുടെ വലിയ കണ്ണുകൾ നിറഞ്ഞുവന്നു. "തായ്മടി മീതെ മകളുപോലെ ഈ ഗോതാപുരീടെ തടത്തിൽ ഞാനൊറങ്ങീര്ന്നു. ഇപ്പോ ഉള്ളം കലങ്ങി വഴിവിട്ട് മാറി

അകലെയാണ്. എന്നാലും ഇന്റെ മാറത്ത് ഒഴുക്യ ചോരകൊണ്ട് ഗോതപുരി ചോന്ന് കലങ്ങി മറിയണത് ഞാൻ തിരിച്ചറിയണ്ടു..." (പേജ് - 39).

'തായ്കുലം' ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ടത് അതിൽ പ്രയോഗിച്ചിരിക്കുന്ന ഭാഷയുടെ സവിശേഷതമൂലമാണ്. സ്ത്രീപക്ഷവീക്ഷണത്തിൽ ഉറച്ചുനിൽക്കുകയും അതിൽനിന്ന് ഒരു പടികൂടി മുന്നോട്ടുപോവുകയും ചെയ്തുകൊണ്ട് ഭാഷയിലെ സ്ത്രീസാന്നിദ്ധ്യമില്ലായ്മയും സ്ത്രീവിരുദ്ധപ്രവണതയും കണക്കിലെടുത്ത് ഭാഷയ്ക്കുള്ളിൽക്കൂടി ഒരു സ്ത്രീവിമോചനസമരം സാദ്ധ്യമാകുന്നതിന്റെ ഭാഗമായിട്ടാണ് ഭാഷയെപ്പോലും സ്ത്രീയുടെ അവകാശബോധത്തിന്റെ അടയാളമായി ഉപയോഗിക്കുന്നത്. ഉയിർത്തെഴുന്നേൽക്കുന്ന സ്ത്രീകളും ദളിതരുമുൾപ്പെടുന്ന കീഴാളജനത സ്വന്തം ഭാഷയും മൂല്യബോധവും എഴുത്തിൽ ആവിഷ്കരിക്കുമ്പോൾ ബഹുസ്വരതയെ തമസ്കരിക്കുന്ന മുഖ്യധാരാ എഴുത്തിന്റെ പുരുഷാധിപത്യസ്വഭാവം വെളിപ്പെടുന്നു.

കീഴാളവർഗത്തിന് വ്യത്യസ്തവും സവിശേഷവുമായ ഒരു ഭാഷ പ്രദാനംചെയ്യുകവഴി അവരുടെ സ്വത്വത്തിന്റെ ശക്തമായ ആവിഷ്കാരം 'തായ്കുലം' എന്ന കഥയിലുണ്ട്. കഥാകാരിതന്നെ പറയുന്നു: 'ഭാഷയുടെ മുകളിലുള്ള ആധിപത്യം നാം തിരിച്ചറിയുന്നു. രാമായണമഹാഭാരതാദിപുരാണങ്ങളിലും ഉപനിഷത്തുകളിലും ഉപയോഗിച്ചിരുന്നത് സ്ത്രീക്ക് ഉച്ചരിക്കാൻ അനുവാദമില്ലാത്ത ഭാഷകൂടിയാണ്. രാമന്റെ ഭാഷതന്നെ രാമനാൽ പീഡിപ്പിക്കപ്പെടുന്ന ഒരു സ്ത്രീ ഉപയോഗിക്കേണ്ടതില്ല എന്ന തോന്നലാണ് ഒരു ഭാഷാവ്യതിയാനം കണ്ടെത്താൻ എന്നെ പ്രേരിപ്പിച്ചത്. ഇപ്പോഴുള്ള മലയാളം എന്നു പറഞ്ഞാൽ എൺപതു ശതമാനത്തിലധികം സംസ്കൃതപദങ്ങളും പ്രയോഗങ്ങളുമൊക്കെ ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ടുതന്നെ അതു രാമന്റെ ഭാഷയുമാണ്. അതുപേക്ഷിച്ചിട്ടാണ് ശൂർപ്പണഖയ്ക്ക് ഒരു ഭാഷ അതായത് സംസ്കൃതാധിപത്യത്തിന് വഴങ്ങാത്തൊരു ഭാഷ-കണ്ണശ്ശരാമായണത്തിനും മണിപ്രവാളത്തിനും ലീലാതിലകത്തിനുമൊക്കെ മുൻപുള്ള രാമചരിതം പോലുള്ള കാവ്യങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ഭാഷയിൽനിന്ന് ശൂർപ്പണഖയുടെ വാക്കുകൾ കണ്ടെടുത്തത്.' (സാറാ ജോസഫ് 2003:64)

ഭാഷയുടെ ശാസ്ത്രത്തെ തിരിച്ചറിയുന്ന സൂക്ഷ്മമായ പ്രത്യയശാസ്ത്രബോധം ഈ വാക്കുകളിൽ ജ്വലിച്ചുനിൽക്കുന്നു. കഥാന്ത്യത്തിലെ ശൂർപ്പണഖയുടെ പൊട്ടിച്ചിരി രാമന്റെ നേരെയുള്ള തുറന്ന പരിഹാസമാണ്. 'രാവണപ്പെരുമാള് യുദ്ധത്തിൽ പരാജയപ്പെട്ടതറിഞ്ഞു തളർന്നുപോയ ശൂർപ്പണഖ ഏറെ നേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ചോദിച്ചു: ചീത?' രഹസ്യംപോലെ പതിഞ്ഞ സ്വരത്തിൽ അയോമുഖി പറഞ്ഞു: "അവരവള്ടെ മൂക്കും മൊലേം അരിഞ്ഞില്യാ. രാവണപ്പെരുമാളുടെ പൂങ്കാവനത്തിൽ അഴ്ചും പയന്നും നാള് കഴിച്ചേന് കനലാഴി കൂട്ടി അതില് ചാടാൻ പറഞ്ഞു. പെട്ടെന്നു ശൂർപ്പണഖ പൊട്ടിച്ചിരിച്ചു. കാട് ഞെട്ടിയുണർന്നു. കൈകൾ പിന്നാക്കം കുത്തി, കൈകൾ പുറകിലേക്കെറിഞ്ഞ്, തോളുകൾ കുലുക്കി ശൂർപ്പണഖ ഉച്ചത്തിലുച്ചത്തിൽ ചിരിക്കാൻ തുടങ്ങി." (പേജ് - 40)

സീതയോടു തനിക്കുള്ള സ്നേഹവാത്സല്യങ്ങൾ എടുത്തുപറഞ്ഞാണ് രാമൻ ശൂർപ്പണഖയുടെ പ്രണയാഭ്യർത്ഥന നിരസിക്കുന്നത്. മരണംവരെ ഏകപത്നീവ്രതത്തിലുറച്ചുനിന്ന ഇന്നും ആദർശവത്കരിക്കപ്പെട്ട ഭർതൃബിംബമായി അവരോധിക്കപ്പെടുന്നത്. എന്നാൽ, രാമൻ പത്നിയായ സീതയോടു കാണിച്ച നീതികേടുകൾ സമൂഹത്തിന്റെ ഓർമ്മയിൽനിന്നു പുരുഷാധിപത്യവ്യവസ്ഥിതി ഒളിപ്പിച്ചുവയ്ക്കുന്നു. യുദ്ധം ജയിച്ചശേഷം രാമൻ സീതയോടു പറ

ഞ്ഞത്, നിന്നെ വീണ്ടെടുക്കാനല്ല പുകൾപെറ്റ എന്റെ വംശത്തിനേറ്റ പോരായ്മയും അപവാദവും അകറ്റുന്നതിനാണ് ഞാൻ യുദ്ധംചെയ്തത് എന്നാണ്. രാവണന്റെ കൊട്ടാരത്തിൽ നെടുനാൾ പാർത്തു എന്ന കാരണത്താൽ സീതയെ സ്വീകരിക്കാൻ രാമൻ വിസമ്മതിച്ചു. ഒടുവിൽ അഗ്നി പ്രവേശം ചെയ്ത് ചാരിത്ര്യശുദ്ധി തെളിയിച്ചശേഷമാണ് സീതയെ സ്വീകരിക്കാൻ തയ്യാറായത്. അപ്പോൾ സ്നേഹം, പ്രണയം, ഏകപത്നീവ്രതം തുടങ്ങിയവയെല്ലാം പുരുഷാധിപത്യത്തിന് തരംപോലെ വിനിയോഗിക്കാവുന്ന കള്ളനാണയങ്ങളാണെന്നും യഥാർത്ഥത്തിൽ കീഴാളവർ ഗസ്ത്രീയായാലും മേലാളവർഗസ്ത്രീയായാലും അവളെ അടിമപ്പെടുത്തുക മാത്രമാണ് അതിന്റെ ലക്ഷ്യമെന്നും വ്യക്തമാകുന്നു. ഈ തിരിച്ചറിവാണ് ശൂർപ്പണഖയുടെ പൊട്ടിച്ചിരിയിൽ പ്രതി ഫലിക്കുന്നത്.

സ്ത്രീപക്ഷവായനയിൽ തെളിഞ്ഞുവരുന്ന പ്രശസ്ത ആഖ്യാനങ്ങളിലെ പുരുഷകേന്ദ്രീകരണം, കീഴാളവിരോധം, സ്ത്രൈണചിത്രണത്തിലെ അഭാവങ്ങൾ എന്നിവയുടെ അടയാളപ്പെടുത്ത ലാണ് 'തായ്കുലം' നിർവ്വഹിക്കുന്ന ധർമ്മം. ലിംഗകല്പനയെ സംബന്ധിച്ച സുപ്രധാന നിരീ ക്ഷണങ്ങൾ പലതുമുൾക്കൊള്ളുന്ന സ്ത്രീപക്ഷ-ദളിത്-പാരിസ്ഥിതികരചനയാണ് തായ്കുലം. വിവേചനം നിലനിൽക്കുന്ന വ്യവസ്ഥിതിക്കെതിരെയുള്ള പോരാട്ടത്തിൽ അവശ്യം സംഭവി ക്കേണ്ട പീഡിതവിഭാഗങ്ങളുടെ വിശാലമായ ഐക്യത്തെ ഈ കഥ വിഭാവനം ചെയ്യുന്നു. സാറാജോസഫിന്റെ സൂക്ഷ്മമായ പ്രത്യയശാസ്ത്രബോധം ഭാഷയിലും ഇതിഹാസപുരാണങ്ങ ളുടെ പുനരാഖ്യാനത്തിലും ശ്രദ്ധിക്കുന്നു. തികച്ചും മൗലികവും മൂല്യവത്തുമായ ഒരു ഭാഷയുടെ തിരഞ്ഞെടുപ്പിലൂടെ സ്ത്രീയുടെയും കീഴാളജനതയുടെയും മാത്രമല്ല, കീഴ്പ്പെടുത്തപ്പെട്ട നമ്മുടെ ഭാഷയുടെയും സ്വത്വപുനർനിർമ്മിതിയും പ്രതിരോധവുമായി 'തായ്കുലം' മാറുന്നു.

## ഗ്രന്ഥസൂചി


1. അയേഷ എ. ഇമാം. മുസ്ലീംസ്ത്രീകളും വലതുപക്ഷലൈംഗികതയും. പച്ചക്കുതിര ലക്കം 1, പുസ്തകം 2, കോട്ടയം ഡി.സി. ബുക്സ്, 2003 പ്രിന്റ്
2. ചന്ദ്രിക സി.എസ്. കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം, തൃശ്ശൂർ. കേരള സാഹിത്യ അക്കാദമി, 1992 പ്രിന്റ്
3. ജയകൃഷ്ണൻ എൻ. (എഡി.) ഫെമിനിസം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000 പ്രിന്റ്
4. ജോർജ് സി.ജെ. ആധുനികാനന്തരസാഹിത്യസമീപനങ്ങൾ, തൃശ്ശൂർ ബുക്ക് വേം,. 1996 പ്രിന്റ്
5. സച്ചിദാനന്ദൻ, പാപത്തറ, (മുടിത്തെയ്യങ്ങൾ – അവതാരിക), തൃശ്ശൂർ കറന്റ് ബുക്സ്, 1993 പ്രിന്റ്
6. സാറാ ജോസഫ്, പാപത്തറ, തൃശ്ശൂർ, കറന്റ് ബുക്സ് 1993, പ്രിന്റ്
7. സാറാ ജോസഫ്, എഴുത്ത് ഭാഷയിലെ സമരമാണ്. (അഭിമുഖം) പച്ചക്കുതിര, ലക്കം 2, പുസ്തകം 2, കോട്ടയം ഡി.സി.ബുക്സ്, 2003
8. സാറാ ജോസഫ്, നിലാവ് അറിയുന്നു, തൃശ്ശൂർ, കറന്റ് ബുക്സ്, 1994 പ്രിന്റ്.